# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 11

# വാർത്താക്കുറിപ്പ്

---

**ബി.എ./ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷാകേന്ദ്രം**

അഞ്ചും ആറും സെമസ്റ്റർ ബി.എ./ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ - സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് 15 മുതൽ ആരംഭിക്കും. പരീക്ഷ കേന്ദ്രങ്ങളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/472/2019)

**പരീക്ഷ ഫലം**

2018 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/473/2019)

**പരീക്ഷ തീയതി**

നാലാം സെമസ്റ്റർ എം.എ. പ്രൈവറ്റ് (2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ - അദാലത്ത് സ്പെഷൽ മേഴ്സി ചാൻസ് 2018) മാർച്ച് 2019 പരീക്ഷയുടെ ആയുർവേദ, ന്യായ കുസുമഞ്ജലി ഓഫ് ഉദയന എന്നീ പേപ്പറുകൾ യഥാക്രമം മാർച്ച് 27, 29 തീയതികളിൽ നടക്കും.

(പി.ആർ.ഒ./39/474/2019)

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) മാർച്ച് 2019 പരീക്ഷയുടെ ഹിസ്റ്ററി: ട്രാൻസിഷൻ ടു ദി കണ്ടംപററി വേൾഡ് എന്ന പേപ്പറിന്റെ പരീക്ഷ മാർച്ച് 26ന് നടക്കും. പരീക്ഷയുടെ സമയം, കേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ./39/475/2019)

**'ഹിസ്റ്ററീസ് ഓഫ് ജെൻഡർ: ട്രാൻസ്ഡിസിപ്ലിനറി അപ്രോച്ചസ്'; ദ്വിദിന രാജ്യാന്തര കോൺഫറൻസിന് പ്രബന്ധങ്ങൾ അയയ്ക്കാം**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് 'ഹിസ്റ്ററീസ് ഓഫ് ജെൻഡർ: ട്രാൻസ് ഡിസിപ്ലിനറി അപ്രോച്ചസ്' എന്ന വിഷയത്തിൽ ദ്വിദിന രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നു. മാർച്ച് 22, 23 തീയതികളിലാണ് കോൺഫറൻസ്. കോൺഫറൻസിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുവാൻ താല്പര്യമുള്ള ഗവേഷകർ mgirgenderconference@gmail.com എന്ന ഇമെയിലിൽ മാർച്ച് 15 ന് മുമ്പായി സംഗ്രഹങ്ങൾ അയയ്ക്കണം. വിദഗ്ധ സമിതിയുടെ മൂല്യനിർണയത്തിന് ശേഷം തെരഞ്ഞെടുക്കപ്പെടുന്ന ഗവേഷകർക്കാണ് പ്രബന്ധാവതരണത്തിന് അവസരം നൽകുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ഗവേഷകരെ മാർച്ച് 16ന് വിവരം അറിയിക്കും.

(പി.ആർ.ഒ./39/476/2019)

**'തിയററ്റിക്കൽ മെതേഡ്സ് ഇൻ ഫിസിക്സ്': ശില്പശാല മാർച്ച് 21 മുതൽ**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിന്റെ ആഭിമുഖ്യത്തിൽ ഫിസിക്സ് പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർഥികൾ/അധ്യാപകർക്കായി 'തിയററ്റിക്കൽ

മെതേഡ്സ് ഇൻ ഫിസിക്സ് എന്ന വിഷയത്തിൽ ശില്പശാല നടത്തുന്നു. മാർച്ച് 21 മുതൽ 23 വരെയാണ് ശില്പശാല. രജിസ്ട്രേഷനും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0481-2731043.

(പി.ആർ.ഒ./39/477/2019)

## പ്രാക്ടിക്കൽ

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 13, 14 തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/478/2019)

## എം.ഫിൽ സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.ഫിൽ കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. സർവകലാശാലയുടെ അംഗീകാരമുള്ള കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വിഷയത്തിൽ (എം.എസ്‌സി., എം.സി.എ., എം.എസ്., എം.ടെക്, എം.ഇ.) 50 ശതമാനത്തിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. എസ്.ടി. വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ എസ്.സി. വിഭാഗത്തിലുള്ളവരേയും പരിഗണിക്കും. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി മാർച്ച് 14ന് രാവിലെ 10ന് നേരിട്ട് ഹാജരാകണം. ഫോൺ: 0481-2731037.

(പി.ആർ.ഒ./39/479/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസിൽ എം.ഫിൽ കോഴ്സിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താല്പര്യമുള്ളവർ മാർച്ച് 13ന് ഉച്ചയ്ക്ക് ഒരു മണിക്ക് മുമ്പായി പഠനവകുപ്പിൽ അനുബന്ധരേഖകളുമായി ഹാജരാകണം. ഫോൺ: 0481-2732120.

(പി.ആർ.ഒ./39/480/2019)

## ഉയർന്ന നൈട്രജൻ ഉപയോഗം ഭൗമസന്തുലിതാവസ്ഥ തകർക്കും; പ്രൊഫ. വിനയ് അനേജ

കാർഷിക മേഖലയിലെ ഉയർന്ന നൈട്രജൻ ഉപഭോഗം പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുമെന്ന് അമേരിക്കയിലെ നോർത്ത് കരോലിന സർവകലാശാലയിലെ പ്രൊഫസർ വിനയ് അനേജ.

ശ്വാസകോശ രോഗങ്ങൾ മുതൽ ആഗോളതാപനം വരെയുള്ള പ്രശ്നങ്ങൾക്ക് ഇന്ന് ശാസ്ത്രലോകം പ്രധാന കാരണമായി കണക്കാക്കുന്നത് കാർബണിനെയാണ്. വ്യാവസായിക വിപ്ലവത്തിന്റെ ഫലമായ കാർബൺ ഉയർത്തി വിട്ട ആഗോളതാപനം പോലെ തന്നെ കാർഷിക വിപ്ലവം മൂലം നൈട്രജൻ ദൂരവ്യാപകമായി ഭൗമ സന്തുലിതാവസ്ഥക്ക് നാശമുണ്ടാക്കും.

1960 കൾക്ക് ശേഷം ലോകത്താകമാനം കാർഷിക മേഖലയിൽ വിളകളുടെ മെച്ചപ്പെട്ട ഉത്പാദനത്തിനും ഗുണമേന്മയ്ക്കും നൈട്രജൻ ഉപയോഗിക്കുന്നു. പ്രകൃത്യായുള്ള അളവിനേക്കാൾ മനുഷ്യനിർമ്മിതമായ നൈട്രജൻ ഭാവിയിൽ ആഗോള പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്നും പ്രൊഫ. വിനയ് പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല പരിസ്ഥിതി ശാസ്ത്ര പഠനവിഭാഗം സംഘടിപ്പിക്കുന്ന വായു മലിനീകരണത്തെക്കുറിച്ചുള്ള രാജ്യാന്തര സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമ്മേളനം മഹാത്മാഗാന്ധി സർവകലാശാലയുടെ വൈസ് ചാൻസലർ ഡോ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പ്രൊഫ. ഇ. വി. രാമസാമി അധ്യക്ഷത വഹിച്ചു. പ്രൊഫ. സി ടി അരവിന്ദകുമാർ, പ്രൊ.കെ എൻ കൃഷ്ണൻ, ഡോ. മഹേഷ് മോഹൻ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല പരിസ്ഥിതി ശാസ്ത്ര പഠന വിഭാഗം സംഘടിപ്പിക്കുന്ന വായുമലിനീകരണത്തെക്കുറിച്ചുള്ള അന്തർദേശീയ സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/481/2019)

**എം.ജി.യിൽ ഫൈസൽ ദേവ്ജിയുടെ**

**പ്രഭാഷണം ഇന്ന് (മാർച്ച് 12)**

ഓക്സ്ഫോർഡ് സർവകലാശാലയിലെ ഇന്ത്യ ചരിത്ര വിഭാഗം പ്രൊഫസറും കോളമിസ്റ്റുമായ ഫൈസൽ ദേവ്ജിയുടെ പ്രഭാഷണം ഇന്ന് (മാർച്ച് 12) മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടക്കും. രാവിലെ 11.30ന് 'ഗാന്ധി വംശീയതയ്ക്കെതിരെ' എന്ന വിഷയത്തിലാണ് പ്രഭാഷണം.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹായത്തോടെയാണ് പ്രഭാഷണ പരിപാടി സംഘടിപ്പിക്കുന്നത്. അഞ്ചു വിഷയങ്ങളിൽ അഞ്ചിടങ്ങളിലായി സംഘടിപ്പിക്കുന്ന പ്രഭാഷണ പരമ്പരയുടെ ആദ്യ പ്രഭാഷണമാണിത്. മാർച്ച് 17, 19 തീയതികളിൽ കൊച്ചിയിലും കോഴിക്കോട്ടും ഫൈസൽ ദേവ്ജി പ്രഭാഷണം നടത്തും. ഗാന്ധി പഠന മേഖലയിൽ ശ്രദ്ധേയമായ 'ഗാന്ധി ഇംപോസിബിൾ ഇന്ത്യൻ' എന്ന പുസ്തകത്തിന്റെ കർത്താവാണ് ഫൈസൽ ദേവ്ജി.

(പി.ആർ.ഒ./39/482/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ